"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- വനം വന്യജീവി വകുപ്പിൽ സീനിയർ ക്ലർക്കായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. പി.സതീഷ് കുമാറിന്റെ മകൻ ശ്രീ.അൽക്കേഷ്.എസ്.നായർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.2/2022/വനം — തീയതി, തിരുവനന്തപുരം, 11/01/2022.

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ. അൽക്കേഷ്.എസ്.നായർ, രാധാലയം, പൂവാറ്റൂർ ഈസ്റ്റ്, കലയപുരം(പി ഒ), കൊട്ടാരക്കര, കൊല്ലം സമർപ്പിച്ച 27.01.2020 ലെ അപേക്ഷയും അനുബന്ധരേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 10.06.2020 ലെ ഇ6-2267/2019 നമ്പർ കത്തും അനുബന്ധരേഖകളും.
4. കൊല്ലം ജില്ലാ കളക്ടറുടെ 14.05.2021 ലെ DCKLM/12306/ 2020-S4 നമ്പർ കത്തും അനുബന്ധരേഖകളും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ സീനിയർ ക്ലർക്കായി സേവനത്തിലിരിക്കെ 20.08.2019 ൽ അന്തരിച്ച ശ്രീ. പി.സതീഷ് കുമാറിന്റെ മകൻ ശ്രീ.അൽക്കേഷ്.എസ്.നായർക്ക് സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ, പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കൊല്ലം ജില്ലാ കളക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2) കൊട്ടാരക്കര തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ ഭാര്യ ദീപാ.ഡി.നായർ, മകൻ അൽക്കേഷ്. എസ്.നായർ, ദീപക്.എസ്, മാതാവ് ശ്രീമതി. രാധാമണി അമ്മ.എം. എന്നിവരാണ്. അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 17.03.1997 ആണ്. ടിയാന് 24 വയസ്സ് പൂർത്തിയായിട്ടുള്ളതും പ്ലസ്സ്ടു, ബി ടെക് എന്നിവ പാസ്സായിട്ടുള്ളതുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 4,36,120/- രൂപയാണെന്ന് കലയപുരം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് .

3) മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ സീനിയർ ക്ലർക്കായി ജോലി നോക്കവേ 20.08.2019 ൽ അന്തരിച്ച ശ്രീ. പി.സതീഷ് കുമാറിന്റെ മകൻ ശ്രീ.അൽക്കേഷ്.എസ്.നായർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോരിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, കൊല്ലം ജില്ലയിൽ വനം വകുപ്പിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൊല്ലം ജില്ലയിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം, ഒഴിവുള്ള ജില്ലയിൽ നിയമിക്കാവുന്നതും കൊല്ലം ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4) അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5) ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു തങ്കച്ചി.എം.കെ

അഡിഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ. അൽക്കേഷ്.എസ്.നായർ, രാധാലയം, പൂവാറ്റൂർ ഈസ്റ്റ്, കലയപുരം(പിഒ), കൊട്ടാരക്കര, കൊല്ലം- 691 560. (രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 12-01-2022 09:54:41
Reason: Approved

സെക്ഷൻ ഓഫീസർ.